ശ്രീ. ടി. ഒ. ബാവ : ബോർഡിന്റെ പ്രവർത്തനം ഏതുവരെ ആയി എന്നു പറയാൻ ഭയമുണ്ടാകുമോ ?

ശ്രീ ടി. വി. തോമസ് : പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണു്.

ശ്രീ. ടി. ഒ. ബാവ : എന്നത്തേക്കു് തീരുമാനിക്കപ്പെടണമെന്നുള്ള ഉദ്ദേശമാണുള്ളതു് ?

ശ്രീ. ടി. വി. തോമസ് : ബോർഡിന്റെ ആവശ്യപ്രകാരം കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ടു്. എന്നാണു് തീരുന്നതെന്നുള്ളതു് ബോർഡിന്റെ പ്രവർത്തനത്തെ ആശ്രയിച്ചിരിക്കും.

ശ്രീ. എം. നാരായണക്കുറുപ്പു് : ഇതിന്റെ പ്രവർത്തനം ഇന്നു് ഒരു സ്തംഭനാവസ്ഥയിലാണോ ?

ശ്രീ. ടി. വി. തോമസ് : എന്തർത്ഥത്തിലാണു് അങ്ങനെ ചോദിച്ചതെന്നു മനസ്സിലാകുന്നില്ല.

ശ്രീ. എം. നാരായണക്കുറുപ്പു് : മന്ത്രി മനസ്സിലാക്കിയതനുസരിച്ചു് മറുപടി പറയുമോ ?

ശ്രീ. ടി. വി. തോമസ് : സ്തംഭനാവസ്ഥയിലല്ല.

## അടച്ചിട്ടിരിക്കുന്ന കശുവണ്ടി ഫാക്ടറികൾ.

* 1533. [22] ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ഡിസ്ട്രിക്ടിൽ അടച്ചിട്ടിരിക്കുന്ന കശുവണ്ടി ഫാക്ടറികളും തുറന്നു പ്രവർത്തിപ്പിക്കണമെന്നാവശ്യപ്പെട്ടുന്ന ഏതെങ്കിലും നിവേദനം ഈ അടുത്തകാലത്തു ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ ;

(ബി) കൊല്ലം ഡിസ്ട്രിക്ടിൽ എത്ര കശുവണ്ടിഫാക്ടറികളാണു് അടച്ചുപൂട്ടിക്കിടക്കുന്നതെന്നു ഗവണ്മെന്റിനറിയാമോ ;

(സി) അവകളെ തുറന്നു പ്രവർത്തിപ്പിക്കുന്നതിനു് എന്തെങ്കിലും സ്കീം ഗവണ്മെന്റിനുണ്ടോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ) :

(എ) ഇല്ല.

(ബി) അറിയാം. 22 എണ്ണം.

(സി) ഒന്നോ രണ്ടോ ഫാക്ടറികളെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ചു് ഒരു പരീക്ഷണമെന്ന നിലയിൽ ഇൻഡസ്ട്രീസ് കോഓപ്പറേറ്റീവ്സ് ആയി നടത്താൻ സാധിക്കുമോയെന്നു് പരിശോധിച്ചുവരികയാണു്.

ശ്രീ. ജി. കാർത്തികേയൻ : കാഷ്യൂ ഇൻഡസ്ട്രിയലാഫീസറുടെ റിപ്പോർട്ടിൽ ഇതിനെ സംബന്ധിച്ചു് വല്ലതും നിർദ്ദേശിച്ചിട്ടുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : സഹകരണസംഘങ്ങൾ സ്ഥാപിക്കണമെന്നുള്ള ഒരു നിർദ്ദേശം റിപ്പോർട്ടിലുണ്ടു്.

ശ്രീ. ജി. കാർത്തികേയൻ : കോഓപ്പറേറ്റീവ്സ് എന്നു നടപ്പിലാക്കാം ?

ശ്രീ. കെ പി ഗോപാലൻ : ഇപ്പോൾതന്നെ അതു രൂപീകരിച്ചു കഴിഞ്ഞിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ.വ. ചന്ദ്രശേഖരൻനായർ : കെ. എം. കെ. ഫാക്ടറി ഉടമസ്ഥന് ഗവണ്മെൻറിൽനിന്നും ധനസഹായം ചെയ്തുകൊടുത്തു ഫാക്ടറി തുറപ്പിക്കുന്നതാണെന്നു പറഞ്ഞിരുന്നു. അതിന് എന്തു നടപടി എടുത്തു ?

ശ്രീ. കെ. പി ഗോപാലൻ : ഗ്യാരൻറി കൊടുക്കാൻ ഗവണ്മെൻറ് മുതിർന്നെങ്കിലും വസ്തുക്കളുടെ കാര്യത്തിൽ നിയമപരമായ ചില സാങ്കേതിക തടസ്സങ്ങളുള്ളതുകൊണ്ട് അത് ഇപ്പോൾ കൊടുക്കാൻ കഴിയാത്ത നിലയിലെത്തിയിരിക്കുകയാണ്.

ശ്രീ. പൊന്നറ ജി. ശ്രീധർ : കെ. എം. കെ. എസ്. ഫാക്ടറി തൊഴിലാളികൾക്ക് കിട്ടേണ്ട വേതനങ്ങളെല്ലാം ലഭിച്ചിട്ടുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : എനിക്ക് നല്ല നിശ്ചയമില്ല.

**Mr. Speaker** : That is an answer which is to be legitimately expected from the Labour Minister.

ശ്രീ. കെ. ഗോർഗ്വൻ : സംസ്ഥാനത്തിനു പുറത്തുള്ള ഏതെങ്കിലും കമ്പനികൾ അടച്ചുപൂട്ടിയിരിക്കുന്ന കഞ്ചുവണ്ടി ഫാക്ടറികൾ തുടർന്നു നടത്താൻ തയാറാണെന്നു ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : ഗവണ്മെൻറിനെ ആരും അറിയിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്തിനു പുറത്തുള്ള ആളുകൾ ഫാക്ടറി വിലയ്ക്കു വാങ്ങുന്ന കാര്യത്തെപ്പറ്റി ആലോചിച്ചിട്ടുണ്ട്. അതിനെസംബന്ധിച്ച് അവർ ഫാക്ടറി ഉടമസ്ഥന്മാരുമായി കൂടിയാലോചന നടത്തിയിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്.

## മഹിളാ സംഘടനകൾ.

* 1534. [24] ശ്രീ. സി. കുഞ്ഞുകൃഷ്ണൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാഅടിസ്ഥാനത്തിൽ മഹിളാസംഘടനകൾ രൂപീകരിക്കുവാൻ കളക്ടറന്മാർക്ക് ഗവണ്മെൻറ് നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻറെ അടിസ്ഥാനത്തിൽ ഏതെല്ലാം ജില്ലകളിൽ മഹിളാസംഘടനകൾ രൂപീകരിച്ചിട്ടുണ്ട് ;

(സി) കണ്ണൂർ ജില്ലയിൽ രൂപീകരിച്ച മഹിളാസംഘടനയുടെ പ്രവർത്തനം നിർത്തിവയ്ക്കാൻ കളക്ടർ കല്പന പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ് ?

മുഖ്യമന്ത്രി (ശ്രീ. ഇ.വ. എം. എസ്സ്. നമ്പൂതിരിപ്പാട്) : (എ) കൊടുത്തിട്ടുണ്ട്.

(ബി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ഇ. പി. പൗലോസ് : സോഷ്യൽ വെൽഫെയർ ബോർഡിൻറെ ആഭിമുഖ്യത്തിൽ രൂപീകരിച്ചിട്ടുള്ള മഹിളാസംഘടനകൾ ജില്ലാ അടിസ്ഥാനത്തിൽ പുനഃസ്സംഘടിപ്പിക്കണമെന്നാണോ, അതോ ജില്ലയിലുള്ള എല്ലാ മഹിളകളേയും സംഘടിപ്പിക്കണമെന്നാണോ നിർബന്ധം പിടിച്ചിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly